**Athmaraksha.org**

യഥാർത്ഥ ക്രൈസ്തവ ജീവിതം

## വെല്ലുവിളികളെ അതിജീവിക്കുന്ന ക്രൈസ്തവജീവിതം



ജൂലൈ 12-ാം തീയതി ഞായറാഴ്ച പരാഗ്വേയിലെ ന്യൂ-ഗ്വാസു മൈതാനിയിൽ അർപ്പിക്കപ്പെട്ട സമൂഹബലിയിലാണ് പാപ്പാ ഫ്രാൻസിസ് ക്രൈസ്തവജീവിതമേന്മയെക്കുറിച്ചുള്ള സുവിശേഷചിന്തകൾ പങ്കുവച്ചത്.

'കർത്താവ് അനുഗ്രഹമാരി സമൃദ്ധമായി വർഷിക്കും, ഭൂമി ഫലമണിയും.' സങ്കീർത്തകന്റെ വരികളാണിത്. ദൈവവുമായുള്ള മനുഷ്യന്റെ നിഗൂഢമായ കൂട്ടായ്മയുടെ ആഘോഷത്തിനു ക്ഷണിക്കപ്പെട്ടവരാണ് ക്രൈസ്തവർ. ഭൂമിയിൽ പെയ്തിറങ്ങുന്ന മഴ, സങ്കീർത്തകന്റെ വാക്കുകളിൽ, മനുഷ്യൻ തന്റെ കരങ്ങൾക്കൊണ്ട് കിളച്ചുമറിക്കുന്ന വയലിൽ വിളയുന്ന ദൈവികസമൃദ്ധിയുടെയും സാന്നിദ്ധ്യത്തിന്റെയും പ്രതീകമാണ്. അങ്ങനെ ദൈവവുമായുള്ള ബന്ധവും ഐക്യവും നമുക്ക് ജീവൻ നൽകുന്നു, അത് നമ്മുടെ അദ്ധ്വാനത്തെ ഫലമണിയിക്കുന്നു. ഈ ദൈവികപരിപാലനയുടെ ആത്മവിശ്വാസം നമ്മുടെ വിശ്വാസത്തിൽനിന്നും വിരിയുന്നതാണ്. നാം ദൈവകൃപയിൽ ആശ്രയിച്ച് ജീവിക്കുന്നവരായാൽ, അത് നമ്മെ രൂപാന്തരപ്പെടുത്തുകയും, പുഷ്ടിപ്പെടുത്തുകയും ചെയ്യും.

ആത്മവിശ്വാസം നാം പഠിക്കുന്നതും, അതേസമയം മറ്റുള്ളവർ നമുക്ക് പകർന്നു നല്കുന്നതുമാണ്. സമൂഹത്തിലും കുടുംബത്തിലുമാണ് ഈ ആത്മവിശ്വാസം നമുക്ക് ലഭിക്കുന്നത്. ക്രിസ്തുവിനെ അനുഗമിക്കാൻ നമ്മെ പ്രോത്സാഹിപ്പിക്കുന്ന സകലരുടെയും മുഖതാവിൽ ആത്മവിശ്വാസം പ്രസരിക്കുന്നുണ്ട്. കാരണം അവിടുത്തെ അനുഗമിക്കുന്ന ആരും വഞ്ചിതരാകുന്നില്ല. ക്രിസ്തുശിഷ്യൻ അവിടുത്തെ സ്നേഹിതനും സ്നേഹിതയും ആകുവാനും, അവിടുത്തെ ഭാഗധേയമാകുവാനും, അവിടുത്തെ ജീവനിൽ പങ്കുകാരാകുവാനും ക്ഷണിക്കപ്പെട്ടിരിക്കുകയാണ്. ഞാൻ നിങ്ങളെ ദാസന്മാരെന്നല്ല, സ്നേഹിതരെന്നാണ് വിളിക്കുന്നത്. എന്തെന്നാൽ പിതാവിൽനിന്ന് എനിക്കു ലഭിച്ചതെല്ലാം ഞാൻ നിങ്ങൾക്ക് വെളിപ്പെടുത്തിത്തന്നിട്ടുണ്ട്. അങ്ങനെ ക്രിസ്തുമായുള്ള ആത്മബന്ധത്തിൽനിന്നും സ്നേഹത്തിൽനിന്നുമുള്ള ആത്മവിശ്വാസത്തിൽ വളരുന്നവരാണ് ക്രൈസ്തവർ, ക്രിസ്തുശിഷ്യന്മാർ.

ശിഷ്യത്വത്തിന്റെ അളവും അളവുകോലും സുവിശേഷം നൽകുന്നുണ്ട്. അവിടുന്നു വിളിച്ചവരെ പ്രത്യേകനിർദ്ദേശങ്ങൾ നല്കി പറഞ്ഞയയ്ക്കുന്നു. ക്രിസ്തുവിനെ അനുഭവിക്കുന്നവന്റെ മനോഭാവവും അയാൾ ചെയ്യേണ്ട കാര്യങ്ങളും അതിൽ കൃത്യമായി പുറത്തുവരുന്നുണ്ട്. ചിലപ്പോൾ നമുക്ക് അവ

ഊതിവീർപ്പിച്ചതായും, വിരോധാഭാസവുമായും തോന്നിയേക്കാം. ഈ നിർദ്ദേശങ്ങളെ ആത്മീയമായി വ്യാഖ്യാനിച്ചും വിലയിരുത്തിയും നാം ക്രിസ്തുവിന്റെ പ്രബോധനങ്ങളുടെ സത്തയിൽ വെള്ളം ചേർക്കുകയായിരിക്കും. എന്നാൽ ക്രിസ്തുവിന്റെ നിർദ്ദേശങ്ങൾ ക്ലിപ്തതയുള്ളവയും യാഥാർത്ഥ്യ ബോധമുള്ളവയുമാണ്.

അപ്പം, പണം, സഞ്ചി, വടി, ചെരുപ്പ്, മേൽവസ്ത്രം ഒന്നും എടുക്കേണ്ടതില്ലെന്ന് ക്രിസ്തു, ശിഷ്യന്മാരോട് പറയുമ്പോഴും, ഒരു വാക്ക് ശ്രദ്ധിക്കാതെ പോകുന്നുണ്ട്. ആതിഥേയത്വം കാരണം അവിടുന്ന് ശിഷ്യരെ പറഞ്ഞയക്കുന്നത് ജനങ്ങളുടെ ആതിഥേയത്വം മനസ്സിലാക്കുവാനും അത് അനുഭവിക്കുവാനുമാണ്. അതുകൊണ്ടാണ് അവിടുന്ന് പറയുന്നത് നിങ്ങൾ ഒരു ഭവനത്തിൽ പ്രവേശിച്ചാൽ അവിടെത്തന്നെ വസിക്കുക. ജനങ്ങളുടെ ആതിഥേയത്വം സ്വീകരിച്ചും അതു മനസ്സിലാക്കിയും അവിടെത്തന്നെ പാർക്കുക എന്നാണ് അതിന് അർത്ഥം. അതായത് ക്രിസ്തുവിന്റെ ശിഷ്യൻ ആതിഥേയത്വം സ്വീകരിക്കുവനാണ്. അവനും അവളും മറ്റുള്ളവരെ സ്വീകരിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്നു.

ക്രിസ്തു അവരെ അയയ്ക്കുന്നത്, പ്രഭുക്കന്മാരായോ, ഉദ്യോഗസ്ഥന്മാരായോ അല്ല, മറിച്ച്, ഹൃദയപരിവർത്തനത്തിന്റെ സന്ദേശവുമായിട്ടാണ്. അത് വ്യത്യസ്തമായൊരു ജീവിതത്തിനുള്ള വിളിയാണ്. ഇവിടെ ജീവിതത്തിന്റെ മാനദണ്ഡം വ്യത്യസ്തമാണ്, നിയമങ്ങൾ വ്യത്യസ്തങ്ങളാണ്. സ്വാർത്ഥതയുടെയും, കലാപത്തിന്റെയും സംഘട്ടനത്തിന്റെയും അധികാരപ്രമത്തതയുടെയും പാത വെടിഞ്ഞ്, സ്നേഹത്തിന്റെയും, ഔദാര്യത്തിന്റെയും പാത സ്വീകരിക്കുന്നതാണ്. ആധികാരികതയുടെ ധാർഷ്ട്യം വെടിഞ്ഞ്, സൗഹാർദ്ദതയുടെയും, ആതിഥേയത്വത്തിന്റെയും സ്നേഹത്തിന്റെയും മനോഭാവം ഉൾക്കൊള്ളുന്നതാണ്.

ക്രൈസ്തവജീവിതത്തെയും ദൗത്യത്തെയും പ്രതിഫലിപ്പിക്കുന്നതിന് ഉതകുന്ന വൈവിദ്ധ്യമാർന്ന ജീവിതശൈലികളാണ് മേൽവിവരിച്ചത്. എന്നാൽ നാം ചിന്തിക്കുന്നത് പുതിയ തന്ത്രങ്ങൾക്കൊണ്ടും നയങ്ങൾക്കൊണ്ടും സാങ്കേതികതകൊണ്ടും സുവിശേഷവത്ക്കരണം യാഥാർത്ഥ്യമാക്കാമെന്നാണ്. എന്നാൽ ഇന്നത്തെ സുവിശേഷം പഠിപ്പിക്കുന്നത് അതിഥേയത്വവും, വ്യക്തികളെ ഉൾക്കൊള്ളുന്ന മനോഭാവവുമാണ് സുവിശേഷ പ്രചാരണത്തിനുള്ള മാർഗ്ഗമെന്നാണ്.

സഭ സകലർക്കായും ഹൃദയം തുറക്കുന്ന അമ്മയാണ്. വിശിഷ്യ കൂടുതൽ ആവശ്യത്തിലായിരിക്കുന്നവരെയും, ബുദ്ധിമുട്ടിലായിരിക്കുന്നവരെയും സ്വീകരിച്ച് സാന്ത്വനം പകരുന്ന അമ്മയാണവൾ. സഭ ആതിഥേയത്വത്തിന്റെ ഭവനമാണെന്നും, അതിഥേയത്വത്തിന്റെയും തുറവിയുടെയും ഭാഷയിൽ ഒത്തിരി നന്മചെയ്യാമെന്നും സുവിശേഷം പഠിപ്പിക്കുന്നു. അങ്ങനെ സന്തോഷത്തിന്റെയും സ്വാന്തനത്തിന്റെയും ഉറവിടമായാൽ നമുക്ക് അളവില്ലാതെ നന്മചെയ്യാനാകും. അപ്പോൾ നമുക്ക് ദുഃഖിതരെയും പീഡിതരെയും, വിശക്കുന്നവരെയും ദാഹിക്കുന്നവരെയും, രോഗികളെയും കാരാഗൃഹവാസികളെയും സ്വീകരിക്കുവാനും ഉൾക്കൊള്ളുവാനും സാധിക്കും (മത്തായി 25, 34-37).

പാപ്പാ ഇങ്ങനെയാണ് ചിന്തകൾ ഉപസംഹരിച്ചത്, ഭൂമി വിത്തിനെ ഞെരിച്ചുകളയുന്ന നിലമാകരുത്, മറിച്ച് അതിനെ ഉൾക്കൊള്ളുകയും വളരാൻ അനുവദിക്കുന്ന ഇടമാവുകയുമാണു വേണ്ടത്. കർത്താവ് സമൃദ്ധമായി അനുഗ്രഹമാരി വർഷിക്കും, ഭൂമി ഫലമണിയും! ജൂലൈ 12-ാം തീയതി ഞായറാഴ്ച പരാഗ്വേയിലെ ञു-ഗ്വാസു മൈതാനിയിൽ അർപ്പിക്കപ്പെട്ട സമൂഹബലിയിലാണ് പാപ്പാ ഫ്രാൻസിസ് ക്രൈസ്തവജീവിത മേന്മയെക്കുറിച്ചുള്ള സുവിശേഷചിന്തകൾ പങ്കുവച്ചത്.